LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. മൂല്യനിർണ്ണയം സമഗ്രവും നിരന്തരവുമായി നടക്കേണ്ടതാണ് എന്നതാണ് കാഴ്ചപ്പാട്. ഈ കാഴ്ചപ്പാട് സാർത്ഥകമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. 'എന്തറിയില്ല' എന്ന് പരിശോധിക്കുന്ന പഴയ പരീക്ഷാസമ്പ്രദായത്തിനുപകരം കുട്ടികൾക്ക് 'എന്തറിയാം' എന്ന് വിലയിരുത്താൻ കഴിയുന്ന തരത്തിലേയ്ക്ക് മൂല്യ നിർണ്ണയത്തെ മാറ്റിക്കൊണ്ടിരിക്കുകയാണ്. അറിവിന്റെ വികാസം അനുനിമിഷം നടക്കുന്ന ഈ ലോകക്രമത്തിൽ പാഠപുസ്തകത്തിന് പുറത്തുള്ള സമൂഹ ചലനങ്ങളേയും പ്രകൃതിയിൽ നടക്കുന്ന മാറ്റങ്ങളെയും കുട്ടികൾ ഉൾക്കൊള്ളേണ്ടതുണ്ട്. അറിവ് സ്വായത്തമാക്കുക എന്നതാണ് പ്രാധാന്യം. ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് മൂല്യ നിർണ്ണയ രീതിയിൽ പരിവർത്തനത്തിന് സഹായകമായ പഠനം, പാഠ്യപദ്ധതി സംബന്ധിച്ച ആലോചനകളുടെ ഭാഗമായി നടക്കുന്നുണ്ട്. കേരള കരിക്കുലം ചട്ടക്കൂട് 2007 തയ്യാറാക്കുന്ന ഘട്ടത്തിലും പഠനങ്ങൾ നടന്നിട്ടുണ്ട്. തുടർന്നും വിവിധ ഘട്ടങ്ങളിൽ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഇത്തരം പഠനങ്ങൾ നടത്തിയിട്ടുണ്ട്.

ടൂറിസം കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി

6(*216) ശ്രീ. എ. രാജ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടച്ചിട്ട ടൂറിസം കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം മുൻകരുതലാണ് കൈക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടച്ചിട്ട ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ ഹോട്ടലുകളും റിസോർട്ടുകളും നിബന്ധനകൾക്ക് വിധേയമായി തുറക്കാൻ അനുമതി നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള മുൻകരുതലായി ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ചുള്ള വാക്സിനേഷൻ പദ്ധതി നടന്നുവരുന്നു. ആരോഗ്യ വകുപ്പുമായി ചേർന്ന് ടൂറിസം മേഖലയിൽ (ഹോട്ടൽ, റിസോർട്ട്) മുൻനിരയിൽ പ്രവർത്തിക്കുന്ന 18-നും 45 വയസ്സിനും ഇടയിലുള്ള 20,000 ജീവനക്കാർക്ക് വാക്സിനേഷൻ നൽകിക്കഴിഞ്ഞു. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഗൈഡുകൾ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ടൂർ ഓപ്പറേറ്റർമാർ, ഹോം സ്റ്റേകൾ, സർവ്വീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി യൂണിറ്റുകൾ, ഹൗസ് ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ എന്നിവയിലെ 18 വയസിനുമുകളിൽ പ്രായമുള്ള ജീവനക്കാർക്ക് വാക്സിൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസം കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുന്നതിനായി ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

ടൂറിസം കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുന്നതിനായി ആദ്യ ഘട്ടത്തിൽ വയനാട് ജില്ലയിലെ വൈത്തിരി, മേപ്പാടി എന്നിവിടങ്ങളാണ് തെരഞ്ഞെടുത്തിരുന്നത്. അതിൽ വൈത്തിരിയിൽ വാക്സിനേഷൻ പ്രക്രിയ പൂർത്തിയായിട്ടുണ്ട്. മേപ്പാടിയിൽ വാക്സിനേഷൻ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അടുത്ത ഘട്ടമായി കുമരകം, ഫോർട്ട് കൊച്ചി, ആലപ്പുഴ, വർക്കല, കോവളം എന്നിവിടങ്ങളിലാണ് സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുക.

(സി) ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്നത് സംബന്ധിച്ച തീരുമാനം എന്തെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് എടുത്തിട്ടുള്ളതെന്നും പ്രസ്തുത തീരുമാനങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഘട്ടം ഘട്ടമായി തുറക്കുന്ന കാര്യം ആലോചനയിലാണ്. ഇക്കാര്യത്തിൽ കോവിഡ് വ്യാപനത്തോത് കണക്കിലെടുത്ത് സർക്കാർ എടുക്കുന്ന പൊതു തീരുമാനങ്ങൾക്കനുസൃതമായിട്ടുള്ള നടപടികളാണുണ്ടാവുക.

സ്കൂൾ പാഠ്യപദ്ധതി ശുപീകരണം

7(*217) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി ശുപീകരിക്കുന്നതിന് ചുമതലപ്പെട്ട ഏജൻസി ഏതാണെന്ന് അറിയിക്കാമോ; പാഠ്യ പദ്ധതി ശുപീകരണത്തിന്റെ പ്രക്രിയ വിശദമാക്കാമോ?

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി). പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനായി സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി ശുപീകരിക്കണം. പാഠ്യപദ്ധതി ശുപീകരണത്തിനായുള്ള പൊതു ആശയ ശുപീകരണത്തിന്റെ ഭാഗമായി വിദഗ്ധരുടെയും ജനങ്ങളുടെയും അഭിപ്രായം തേടണം. അതോടൊപ്പം വിവിധ വിഷയമേഖലയിൽ ഫോക്കസ് ഗ്രൂപ്പുകൾ ശുപീകരിക്കണം.